ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് : 695033
ഇ-മെയിൽ:secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ: KLS/8460/2025-S A1(2).

തിരുവനന്തപുരം
06-02-2026

## വിജ്ഞാപനം

കേരള നിയമസഭയുടെ സഭാ ടി.വിക്കായി ചുവടെ സൂചിപ്പിച്ചിട്ടുള്ള പട്ടികയിൽ ചേർത്തിട്ടുള്ള തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിലേക്കായി യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ തപാൽ മുഖേന ലഭ്യമാക്കേണ്ടതാണ്. തപാൽ മുഖേന അല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പ്രസ്തുത തസ്തിക സംബന്ധിച്ച യോഗ്യതകൾ, നിയമന രീതി എന്നിവ ചുവടെ ചേർക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 13.02.2026, വൈകുന്നേരം 05.00 മണി.

അപേക്ഷയുടെ മാതൃക, അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ബയോഡേറ്റയുടെ മാതൃക എന്നിവ ചുവടെ ചേർക്കുന്നു.

ഡോ. എൻ. കൃഷ്ണ കുമാർ
സെക്രട്ടറി
കേരള നിയമസഭ
തിരുവനന്തപുരം-33

KERALA LEGISLATURE SECRETARIAT
THIRUVANANTHAPURAM

## കാറ്റഗറി നം.01/കെലാംപ്സ് - മീഡിയ/2026

| | |
|---|---|
| തസ്തിക : | വീഡിയോ എഡിറ്റർ (മോഷൻ ഗ്രാഫിക്സ്) |
| ഒഴിവുകളുടെ എണ്ണം : | 02 (രണ്ട്) |
| യോഗ്യത : | <u>വിദ്യാഭ്യാസ യോഗ്യത</u><br><br>1. പ്ലസ് ടു/പ്രീഡിഗ്രി യോഗ്യത<br><br><u>സാങ്കേതിക യോഗ്യത</u><br><br>1. അംഗീകൃത ഫിലം/വീഡിയോ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള എഡിറ്റിംഗിലെ ഡിപ്ലോമ<br><br><u>പ്രവൃത്തി പരിചയം</u><br><br>1. ഒരു പ്രമുഖ സ്ഥാപനം/ചാനലിൽ വീഡിയോ എഡിറ്റിംഗിൽ മൂന്ന് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം<br><br>2. അറിഞ്ഞിരിക്കേണ്ട സോഫ്റ്റ് വെയറുകൾ - Final Cut Pro X, After effects, Davinci Resolve and Photoshop<br><br><u>സ്കിൽ</u><br><br>1. മൾട്ടി ക്യാമറ വീഡിയോ എഡിറ്റിംഗിൽ പരിചയം, മോഷൻ ഗ്രാഫിക്സ് കോമ്പോസിഷൻ, സ്പെഷ്യൽ ഇഫക്റ്റുകൾ എന്നിവയിൽ പ്രവൃത്തി പരിചയം. |
| കുറഞ്ഞ പ്രായം : | 22 വയസ്സ് (40 വയസ് കവിയാൻ പാടില്ല) |
| വേതനം/കാലാവധി: | നിയമന തീയതി മുതൽ ഒരു വർഷത്തെ കാലയളവിൽ കരാർ അടിസ്ഥാനത്തിൽ താത്കാലികമായിട്ടായിരിക്കും നിയമനം. നിയമസഭ സെക്രട്ടേറിയറ്റിന് ആവശ്യമുള്ള പക്ഷം കാലാവധി ദീർഘിപ്പിക്കുന്നതാണ്.<br><br>പ്രതിമാസ സമാഹൃത വേതനം - ₹36,000/- |
| നിയമനരീതി : | അപേക്ഷകരിൽ നിന്നും സാങ്കേതിക യോഗ്യതാ പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്. ബയോഡാറ്റയിൽ അവകാശപ്പെട്ടിട്ടുള്ള പ്രവൃത്തിപരിചയം, സ്കിൽ, സാങ്കേതിക യോഗ്യത, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന |

KERALA LEGISLATURE SECRETARIAT THIRUVANANTHAPURAM

| | |
|---|---|
| | രേഖകളുടെ അസ്സൽ അഭിമുഖ സമയത്ത് ഹാജരാക്കേണ്ടതാണ്. ആയതുമായി ബന്ധപ്പെട്ട കത്തിടപാടുകൾ ഇ-മെയിൽ മുഖേന മാത്രമായിരിക്കും. പ്രസ്തുത നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ തീരുമനം അന്തിമമായിരിക്കും. |

KERALA LEGISLATURE SECRETARIAT
THIRUVANANTHAPURAM

<u>അപേക്ഷ</u>

..............................(പേര്)

..............................

..............................

..............................

(പൂർണ്ണമായ മേൽവിലാസം

പിൻ. ബന്ധപ്പെടാനുള്ള

ഫോൺ നമ്പർ ഉൾപ്പെടെ)

സെക്രട്ടറി

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വികാസ് ഭവൻ പി.ഒ. തിരുവനന്തപുരം

പിൻ - 695033. ഫോൺ-04712512416

സർ

കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ, സഭാ ടിവിയിലെ സാങ്കേതിക വിഭാഗത്തിൽ വീഡിയോ എഡിറ്റർ (മോഷൻ ഗ്രാഫിക്സ്) തസ്തികയിൽ ജോലി ചെയ്യുവാൻ എനിക്ക് താത്പര്യവും ആയതിനുള്ള യോഗ്യതകളുമുണ്ട്. പ്രസ്തുത തസ്തികയിലേക്കുള്ള കരാർ നിയമനത്തിനുള്ള കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുവാൻ ഞാൻ സന്നദ്ധനാണ്. ആയതിനാൽ പ്രസ്തുത തസ്തികയിൽ കരാർ നിയമനത്തിനായി എന്നെ പരിഗണിക്കണമെന്ന് ഇതിനാൽ അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

..........................(സ്ഥലം)

..........................(തീയതി)

..............................(ഒപ്പ്)

............................(പേര്)

............................

............................

............................

(പൂർണ്ണമായ മേൽവിലാസം

(പിൻ. ബന്ധപ്പെടാനുള്ള

ഫോൺ നമ്പർ ഉൾപ്പെടെ)).

KERALA LEGISLATURE SECRETARIAT
THIRUVANANTHAPURAM

# BIODATA

| | | |
|---|---|---|
| 1. | പേര് | |
| 2. | പൂർണ്ണമായ മേൽവിലാസം | |
| 3. | ജനനത്തീയതി | |
| 4. | പിൻ കോഡ് | |
| 5. | ബന്ധപ്പെടാനുള്ള മൊബൈൽ ഫോൺ നമ്പർ | |
| 6. | ബന്ധപ്പെടാനുള്ള ഇ-മെയിൽ ഐ.ഡി. | |
| 7. | ലിംഗം | |
| 8. | വിദ്യാഭ്യാസ യോഗ്യതകൾ | |
| 9. | സാങ്കേതിക യോഗ്യതകൾ | |
| 10. | പ്രവൃത്തിപരിചയം | |

KERALA LEGISLATURE SECRETARIAT * THIRUVANANTHAPURAM *

## ഉദ്യോഗാർത്ഥികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

1) പൂരിപ്പിച്ച അപേക്ഷ, ബയോഡേറ്റ എന്നിവ ബന്ധപ്പെട്ട വിദ്യാഭ്യാസ-സാങ്കേതിക യോഗ്യതകൾ പ്രവൃത്തിപരിചയം, സ്കിൽ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ആധാർകാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം 2026 ഫെബ്രുവരി 13-ാം തീയതി, വെള്ളിയാഴ്ച, വൈകുന്നേരം 05.00 മണിക്ക് മുമ്പായി ഈ സെക്രട്ടേറിയറ്റിൽ സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം, പിൻ 695033, ഫോൺ 0471 2512416 എന്ന മേൽവിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത കാലാവധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

2) പ്രസ്തുത നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

6.2.26

ഡോ. എൻ. കൃഷ്ണ കുമാർ
സെക്രട്ടറി
കേരള നിയമസഭ
തിരുവനന്തപുരം-33

KERALA LEGISLATURE SECRETARIAT
THIRUVANANTHAPURAM

ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് : 695033
ഇ-മെയിൽ:secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ: **KLS/8460/2025-S A1 (1).**

തിരുവനന്തപുരം
06-02-2026

## വിജ്ഞാപനം

കേരള നിയമസഭയിൽ കെലാംപ്സ് സഭാ ടി.വി.യുമായി ബന്ധപ്പെട്ട് വീഡിയോ എഡിറ്റർ (മോഷൻ ഗ്രാഫിക്സ്) തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിലേയ്ക്കായി യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ 03-12-25 തീയതിയായി ഇതേ നമ്പരിൽ വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ ക്ഷണിച്ചിരുന്നുവെങ്കിലും മതിയായ യോഗ്യതയുള്ള മതിയായ എണ്ണം അപേക്ഷകൾ ലഭിക്കാത്തതായ സാഹചര്യം സംജാതമായിട്ടുള്ളതാകുന്നു. ആയതിനാൽ, പ്രസ്തുത വിജ്ഞാപനം റദ്ദുചെയ്ത് വിജ്ഞാപനം പുറപ്പെടുവിക്കുന്നു. പ്രസ്തുത തസ്തികകളിലേക്ക് പുതുതായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതും 03-12-25 തീയതിയിലെ വിജ്ഞാപനപ്രകാരം അപേക്ഷിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ, മതിയായ യോഗ്യതകൾ ഉള്ളപക്ഷം, പുനർ വിജ്ഞാപനം പ്രകാരം ബന്ധപ്പെട്ട യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം വീണ്ടും അപേക്ഷിക്കേണ്ടതുമാണ്.

KERALA LEGISLATURE SECRETARIAT * THIRUVANANTHAPURAM *

സെക്രട്ടറി

കേരള നിയമസഭ